(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് മൊത്തം എത്ര കോടി രൂപയുടേതായിരുന്നു എന്ന് അറിയിക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടിയത് ഏത് തീയതി മുതലാണ്; അവ അടച്ചുപൂട്ടുന്നതിന് മുൻപത്തെ ഡിസംബർ മാസത്തെ കോർപ്പറേഷന്റെ വിറ്റുവരവ് എത്ര കോടിയായിരുന്നു; 2015 ഡിസംബർ മാസത്തെ കോർപ്പറേഷന്റെ വിറ്റുവരവ് എത്ര കോടി രൂപയുടേതായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിവരം അനുബന്ധം-എ* ആയി ചേർത്തിരിക്കുന്നു.

(ബി) 2011-12-ൽ 7861 കോടി രൂപയും 2012-13-ൽ 8818.18 കോടിരൂപയും 2013-14-ൽ 9350 കോടിരൂപയും 2014-15-ൽ 10013 കോടിരൂപയും 2015-16-ൽ (2015 ഡിസംബർ വരെ) 8569 കോടിരൂപയുമാണ് വിറ്റുവരവ്.

(സി) 10 ശതമാനം ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടി തുടങ്ങിയത് 2014 ഒക്ടോബർ മുതലാണ്. 2013 ഡിസംബറിൽ 814.30 കോടിരൂപയും 2015 ഡിസംബറിൽ 1000.19 കോടിരൂപയുമായിരുന്നു വിറ്റുവരവ്.

സമ്പൂർണ്ണ മദ്യനിരോധനം

230 (207) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിനകം സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി എന്നറിയിക്കാമോ;

(സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി കൈക്കൊണ്ടത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷം കൊണ്ട് 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെ യുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കണ്ട് കുറയ്ക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5½ മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു. കൂടാതെ ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുന്നതിനും ബാർ ഹോട്ടലുകളുടെയും ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തനസമയം 5½ മണിക്കൂർ

കുറയ്ക്കുന്നതിനും മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21-ആയി ഉയർത്തുന്നതിനും ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിക്കുന്നതിനും അബ്കാരി നിയമങ്ങളിൽ മതിയായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളിലും ഭരണതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബോധവൽക്കരണത്തിൽക്കൂടി മദ്യവർജ്ജനം പ്രാവർത്തികമാക്കുന്നതിന് എക്സൈസ് വകുപ്പിൽ ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നടപടികൾ നടന്നുവരുന്നു. കൂടാതെ സുബോധം എന്ന പദ്ധതിയും ബോധവൽക്കരണത്തിനു വേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്.

ക്ലബ്ബുകൾക്ക് ബാർ ലൈസൻസ്

231 (208) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്, ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ബാർ ലൈസൻസ് ഉള്ള ബാറുകളിലൂടെ കഴിഞ്ഞ 5 വർഷത്തിൽ ഓരോ വർഷവും ഉണ്ടായ മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ഫൈവ് സ്റ്റാർ ഹോട്ടലുകൾ എത്ര; ഫൈവ് സ്റ്റാർ ഹോട്ടലുകളിലൂടെയുള്ള മദ്യ വില്പനകളുടെ കണക്കുകൾ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര വീതമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 33 ക്ലബ്ബുകൾക്ക് നിലവിൽ ബാർ ലൈസൻസുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ 28 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഉണ്ട്. ടി ഹോട്ടലുകളിലൂടെയുള്ള മദ്യവില്പനയുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly